# ഫോം നമ്പർ 97

*(റൂൾസ് 159ഉം 160 ഉം കാണുക)*

**പെർമനന്റ് അക്കൗണ്ട് നമ്പർ ഇല്ലാത്തവരും, റൂൾ 159–ൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും ഇടപാടുകളിൽ ഏർപ്പെടുന്നവരുമായ വ്യക്തികൾ (കമ്പനിയോ സ്ഥാപനമോ ഒഴികെ) അല്ലെങ്കിൽ റൂൾ 159–ലെ സബ്–റൂൾ (2) നു കീഴിൽ വരുന്ന വിദേശ കമ്പനികൾ സമർപ്പിക്കേണ്ട പ്രഖ്യാപന ഫോം** *(കുറിപ്പ് 1 ശ്രദ്ധിക്കുക)*

| **പാർട്ട്–എ: ഇടപാടിന്റെ സ്വഭാവം** | | |
|---|---|---|
| 1. | ഇടപാടിന്റെ സ്വഭാവം | *(കുറിപ്പ് 2, 3 ശ്രദ്ധിക്കുക)* |

## പാർട്ട്–ബി: പ്രഖ്യാപനം

എനിക്ക്/അപേക്ഷകന് പെർമനന്റ് അക്കൗണ്ട് നമ്പർ (പിഎഎൻ) ഇല്ലെന്ന് ഞാൻ പ്രഖ്യാപിക്കുന്നു.
കൂടാതെ, ഞാൻ താഴെ പറയുന്നവയും ഇതോടൊപ്പം പ്രഖ്യാപിക്കുന്നു:–

(i) എന്റെ പദവി വ്യക്തി/ഹിന്ദു അവിഭക്ത കുടുംബം/വ്യക്തികളുടെ കൂട്ടായ്മ/വ്യക്തികളുടെ സമിതി/ ആർട്ടിഫിഷ്യൽ ജുറിഡിക്കൽ പേഴ്സൺ/ ഗവൺമെന്റ്/ട്രസ്റ്റ്/പ്രാദേശിക അതോറിറ്റി/വിദേശ കമ്പനി (അനുയോജ്യമായ പദവി തിരഞ്ഞെടുക്കുക) ആണ്; കൂടാതെ

(ii) മുകളിൽ പറഞ്ഞ ഇടപാട് നടന്ന സാമ്പത്തിക വർഷത്തിൽ, 2025–ലെ ആദായനികുതി നിയമം (2025ലെ 30) പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് കണക്കാക്കിയ എന്റെ/ഞങ്ങളുടെ/അപേക്ഷകന്റെ ഏകദേശ മൊത്തം വരുമാനം (2025ലെ ആദായനികുതി നിയമം സെക്ഷൻ 99 പ്രകാരം പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ തുടങ്ങിയവരുടെ വരുമാനം ഉൾപ്പെടെ), നികുതി ചുമത്തപ്പെടാത്ത പരമാവധി തുകയേക്കാൾ കുറവായിരിക്കും; അല്ലെങ്കിൽ അപേക്ഷകൻ റൂൾ 159 സബ്–റൂൾ (2) പ്രകാരം ഉൾപ്പെടുന്ന ഒരു വിദേശ കമ്പനിയാണ്, കൂടാതെ ഇന്ത്യയിൽ നികുതി ചുമത്താവുന്ന അത്രയും വരുമാനം ഇല്ലാത്തതുമാണ്.

തീയതി:

സ്ഥലം:

**(പ്രഖ്യാപനം നടത്തുന്നയാളുടെ ഒപ്പ്)**

| **പാർട്ട്–സി: തിരിച്ചറിയൽ രേഖയുടെയും വിലാസത്തിന്റെയും വിശദാംശങ്ങൾ** | | | | |
|---|---|---|---|---|
| **1.** | പേര് | | *(കുറിപ്പ് 4 ശ്രദ്ധിക്കുക)* | |
| **2.** | ജനന തീയതി/രജിസ്റ്റർ ചെയ്ത തീയതി | | *തിയതി/മാസം/വർഷം (കുറിപ്പ് 5 ശ്രദ്ധിക്കുക)* | |
| **3.** | പിതാവിന്റെ പേര് | | *(കുറിപ്പ് 6 ശ്രദ്ധിക്കുക)* | |
| **4.** | പാൻ കാർഡിനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ലെങ്കിൽ, താഴെ പറയുന്ന രണ്ട് വിവരങ്ങളും നൽകുക: *(കുറിപ്പ് 7 ശ്രദ്ധിക്കുക)* | | | |
| | (i) | അപേക്ഷിച്ച തീയതി | *തിയതി/മാസം/വർഷം* | |
| | (ii) | അക്നോളജ്മെന്റ് നമ്പർ | | |
| **5.** | ആധാർ നമ്പർ | | | |
| **6.** | വീട്ട് വിലാസം | | *(കുറിപ്പ് 8 ശ്രദ്ധിക്കുക)* | |
| **7.** | ഓഫീസ് വിലാസം | | *(കുറിപ്പ് 8 ശ്രദ്ധിക്കുക)* | |
| **8.** | ആശയവിനിമയത്തിനുള്ള വിലാസം<br>*(ഒന്ന് തിരഞ്ഞെടുക്കുക)* | | (i) വീട്<br>(ii) ഓഫീസ് | |
| **9.** | ബന്ധപ്പെടാനുള്ള വിവരങ്ങൾ | | | |
| | (i) | മൊബൈൽ നമ്പർ | കൺട്രി കോഡ്<br>*(ഡ്രോപ് ഡൌൺ)*<br>*(ഡിജിറ്റൽ ഫോമുകൾക്ക്)* | നമ്പർ |
| | (ii) | ടെലിഫോൺ നമ്പർ | കൺട്രി കോഡ്<br>*(ഡ്രോപ് ഡൌൺ)*<br>*(ഡിജിറ്റൽ ഫോമുകൾക്ക്)* | നമ്പർ |
| | (iii) | ഇമെയിൽ ഐഡി | | |
| **10.** | താമസിക്കുന്ന രാജ്യത്തെ ടാക്സ് പേയർ ഐഡന്റിഫിക്കേഷൻ നമ്പർ(ടിഐ എൻ) (വിദേശ കമ്പനിയാണെങ്കിൽ) | | | |
| **11.** | വിദേശ കമ്പനിയാണെങ്കിൽ ഇന്ത്യയിൽ നികുതി ചുമത്താവുന്ന വരുമാനത്തിന്റെ വിശദാംശങ്ങൾ *(കുറിപ്പ് 9 ശ്രദ്ധിക്കുക)* | | | |
| | (i) | നികുതി ചുമത്താവുന്ന വരുമാനത്തിന്റെ തുക (രൂപയിൽ) | | |
| | (ii) | നികുതി ചുമത്തപ്പെടാത്ത വരുമാനത്തിന്റെ തുക (രൂപയിൽ) | | |

| പാർട്ട്–ഡി: ഇടപാടിന്റെ വിശദാംശങ്ങൾ | | | |
|---|---|---|---|
| **1.** | ഇടപാട് നടന്ന തീയതി | | *തിയതി/മാസം/വർഷം* |
| **2.** | ഇടപാടിന്റെ ആകെ തുക (രൂപയിൽ) | | *(കുറിപ്പ് 10 ശ്രദ്ധിക്കുക)* |
| **3.** | മുകളിൽ ഇനം നമ്പർ 2–ൽ സൂചിപ്പിച്ച ആകെ തുകയിൽ ഉൾപ്പെട്ട പണമിടപാടിന്റെ തുക. | | *(കുറിപ്പ് 11 ശ്രദ്ധിക്കുക)* |
| **4.** | ഇടപാട് നടത്തിയ രീതി | | *(കുറിപ്പ് 12 ശ്രദ്ധിക്കുക)* |
| **5.** | ഇടപാട് കൂട്ടായ പേരുകളിൽ ആണെങ്കിൽ (കുറിപ്പ് 9 ശ്രദ്ധിക്കുക) | | |
| | (i) | ഇടപാടിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ എണ്ണം | |
| | (ii) | പ്രഖ്യാപനം നടത്തുന്നയാളുടെ വിഹിതം (ശതമാനത്തിൽ) | |

| പാർട്ട്–ഇ: തെളിവായി സമർപ്പിച്ച രേഖകൾ | | |
|---|---|---|
| തിരിച്ചറിയൽ രേഖ, വിലാസം തെളിയിക്കുന്ന രേഖ, ജനന തീയതി/രജിസ്റ്റർ ചെയ്ത തീയതി എന്നിവയ്ക്കുള്ള തെളിവുകളായി ഞാൻ *[കുറിപ്പ് 13 ശ്രദ്ധിക്കുക]* ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. | | |
| **1.** | തിരിച്ചറിയൽ രേഖ (പിഒഐ) | ☐☐ |
| | രേഖയുടെ തിരിച്ചറിയൽ നമ്പർ | |
| | രേഖ നൽകിയ അതോറിറ്റിയുടെ പേര് | *(കുറിപ്പ് 4 ശ്രദ്ധിക്കുക)* |
| | രേഖ നൽകിയ അതോറിറ്റിയുടെ വിലാസം | *(കുറിപ്പ് 8 ശ്രദ്ധിക്കുക)* |
| **2.** | വിലാസം തെളിയിക്കുന്ന രേഖ (പിഒഎ) | ☐☐ |
| | രേഖയുടെ തിരിച്ചറിയൽ നമ്പർ | |
| | രേഖ നൽകിയ അതോറിറ്റിയുടെ പേര് | *(കുറിപ്പ് 4 ശ്രദ്ധിക്കുക)* |
| | രേഖ നൽകിയ അതോറിറ്റിയുടെ വിലാസം | *(കുറിപ്പ് 8 ശ്രദ്ധിക്കുക)* |
| **3.** | ജനന തീയതി /രജിസ്റ്റർ ചെയ്ത തീയതി തെളിയിക്കുന്ന രേഖ | ☐☐ |
| | രേഖയുടെ തിരിച്ചറിയൽ നമ്പർ | |
| | രേഖ നൽകിയ അതോറിറ്റിയുടെ പേര് | *(കുറിപ്പ് 4 ശ്രദ്ധിക്കുക)* |
| | രേഖ നൽകിയ അതോറിറ്റിയുടെ വിലാസം | *(കുറിപ്പ് 8 ശ്രദ്ധിക്കുക)* |

## പാർട്ട്–എഫ്: സാക്ഷ്യപ്പെടുത്തൽ

1. ശ്രീ ________________ന്റെ മകൻ/മകൾ/ഭാര്യ ആയ ഞാൻ ________________, ഈ അപേക്ഷയിലും ഇതിനോടൊപ്പമുള്ള രേഖകളിലും നൽകിയിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും കൃത്യവും പൂർണ്ണവുമാണെന്നും അതിൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ സത്യമാണെന്നും ഇതിനാൽ പ്രഖ്യാപിക്കുന്നു.

2. ഞാൻ ഈ അപേക്ഷ ...............എന്ന ആവശ്യത്തിനായി എന്റെ ..................(സ്വയം/പ്രതിനിധി നികുതിദായകൻ) എന്ന നിലയിലാണ് നൽകുന്നതെന്നും, ഈ അപേക്ഷ നൽകാനും അത് സാക്ഷ്യപ്പെടുത്താനും ഞാൻ പ്രാപ്തനാണെന്നും ഇതിനാൽ പ്രഖ്യാപിക്കുന്നു.

3. ഈ പ്രഖ്യാപനത്തിലെ ഏതെങ്കിലും ഭാഗം തെറ്റാണെന്ന് കണ്ടെത്തിയാൽ, 2025–ലെ ആദായനികുതി നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ പ്രകാരം എനിക്കെതിരെ നിയമനടപടികൾ ഉണ്ടായേക്കാം എന്ന് ഞാൻ മനസ്സിലാക്കുന്നു.

**(പ്രഖ്യാപനം നടത്തുന്നയാളുടെ ഒപ്പ്)**

തീയതി:

**പേര്:**

സ്ഥലം:

**പദവി**

## കുറിപ്പുകൾ:

1. പ്രഖ്യാപനത്തിൽ ഒപ്പിടുന്നതിന് മുമ്പ്, ഇതിൽ നൽകിയിരിക്കുന്ന വിവരങ്ങൾ എല്ലാ തരത്തിലും സത്യവും കൃത്യവും പൂർണ്ണവുമാണെന്ന് പ്രഖ്യാപനം നടത്തുന്നയാൾ ഉറപ്പുവരുത്തേണ്ടതാണ്. പ്രഖ്യാപനത്തിൽ തെറ്റായ വിവരം നൽകുന്ന ഏതൊരു വ്യക്തിയും 2025–ലെ ആദായനികുതി നിയമം **സെക്ഷൻ 482** പ്രകാരം നിയമനടപടികൾക്ക് വിധേയനാകേണ്ടി വരും.

2. പാർട്ട് എ–യിലെ ഇടപാടിന്റെ സ്വഭാവം താഴെ പറയുന്ന കോഡുകൾ അനുസരിച്ച് പൂരിപ്പിക്കാവുന്നതാണ്:

| ക്രമനമ്പർ. | ഇടപാട് രീതി. | കോഡ്. |
|---|---|---|
| 1 | ഏതെങ്കിലും സ്ഥാവര വസ്തുവിന്റെ വാങ്ങൽ അല്ലെങ്കിൽ വിൽപ്പന അല്ലെങ്കിൽ സമ്മാനം അല്ലെങ്കിൽ സംയുക്ത വികസന കരാർ. | **01** |

| | | |
|---|---|---|
| 2 | ഒരു അക്കൗണ്ട് തുറക്കൽ (അടിസ്ഥാന സേവിംഗ്സ്, ടൈം നിക്ഷേപം എന്നിവയൊഴികെ). | **02** |
| 3 | ടൈം നിക്ഷേപത്തിലുള്ള നിക്ഷേപം. | **03** |
| 4 | ഒരു ഇൻഷുററുമായി അക്കൗണ്ട് അധിഷ്ഠിത ബന്ധം ആരംഭിക്കുന്നത്. | **04** |
| 5 | ഹോട്ടൽ, റെസ്റ്റോറന്റ്, കൺവെൻഷൻ സെന്റർ, ബാങ്ക്വറ്റ് ഹാൾ അല്ലെങ്കിൽ ഇവന്റ് മാനേജ്മെന്റിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യക്തിക്ക് നൽകുന്ന പേയ്മെന്റ്. | **05** |
| 6 | മുകളിൽ തരംതിരിക്കാത്ത ഏതെങ്കിലും തരത്തിലുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും വിൽപ്പനയോ വാങ്ങലോ. | **06** |

3. എല്ലാ 6 ഇടപാടുകൾക്കും ഫോമിലെ പാർട്ട് എ മുതൽ എഫ് വരെയുള്ള ഭാഗങ്ങൾ പൂരിപ്പിക്കേണ്ടതാണ്.

4. വ്യക്തികളുടെ കാര്യത്തിൽ, പേരിന്റെ ആദ്യഭാഗവും മധ്യ ഭാഗവും അവസാന ഭാഗവും ചുരുക്കെഴുത്തുകൾ ഇല്ലാതെ പൂർണ്ണമായി നൽകണം. മറ്റ് സന്ദർഭങ്ങളിൽ, സ്ഥാപനം രൂപീകരിച്ചിട്ടുള്ള പ്രസക്തമായ നിയമപ്രകാരം നൽകിയിട്ടുള്ള രജിസ്ട്രേഷൻ രേഖയിൽ സൂചിപ്പിച്ചിരിക്കുന്ന പേര് നൽകണം.

5. വ്യക്തികളുടെ കാര്യത്തിൽ ജനന തീയതിയും അല്ലാത്തിടങ്ങളിൽ സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും നൽകണം.

6. വ്യക്തികളുടെ കാര്യത്തിൽ പിതാവിന്റെ പേര് നൽകണം.

7. ഏകദേശ മൊത്തം വരുമാനം നികുതി ചുമത്തപ്പെടാത്ത പരമാവധി തുകയേക്കാൾ കൂടുതലാണെങ്കിൽ, പ്രസ്തുത വ്യക്തി പാനിനായി അപേക്ഷിക്കുകയും പാർട്ട് സി–യിലെ ഇനം 4 പൂരിപ്പിക്കുകയും അപേക്ഷ സമർപ്പിച്ചതിന്റെ തെളിവ് നൽകുകയും വേണം.

8. വിലാസത്തിൽ i. രാജ്യം/പ്രദേശം, ii. ഫ്ലാറ്റ്/ഡോർ നമ്പർ/കെട്ടിടം, iii. റോഡ്/സ്ട്രീറ്റ്/ബ്ലോക്ക്/സെക്ടർ, iv. പിൻ കോഡ്, v. പോസ്റ്റ് ഓഫീസ്, vi. പ്രദേശം/സ്ഥലം, vii. ജില്ല, viii. സംസ്ഥാനം എന്നിവ ഉണ്ടായിരിക്കണം.

9. പാർട്ട് സി–യിലെ ഇനം 11(i)ൽ നികുതി ചുമത്താവുന്ന വരുമാനം കാണിച്ചിട്ടുണ്ടെങ്കിൽ, പ്രഖ്യാപനം സ്വീകരിക്കുന്ന വ്യക്തി അത് സ്വീകരിക്കാൻ പാടുള്ളതല്ല.

10. ഇടപാടിന്റെ ആകെ തുക പാർട്ട് ഡി–യിലെ ഇനം 2–ൽ പൂരിപ്പിക്കണം. ഒന്നിലധികം പേരുടെ പേരിൽ ഇടപാട് നടത്തുന്ന സാഹചര്യത്തിൽ, ഇടപാടിൽ ഉൾപ്പെട്ട ആകെ വ്യക്തികളുടെ എണ്ണം പാർട്ട് ഡി–യിലെ ഇനം 5(i)ലും പ്രസ്തുത വ്യക്തിയുടെ വിഹിതം ശതമാനക്കണക്കിൽ പാർട്ട് ഡി–യിലെ ഇനം 5(ii)ലും സൂചിപ്പിക്കണം. ഉദാഹരണത്തിന്, 5 പേരുടെ പേരിൽ 100 രൂപ വിലയുള്ള സ്ഥാവര വസ്തു വാങ്ങുമ്പോൾ പ്രഖ്യാപനം നടത്തുന്നയാളുടെ വിഹിതം 10% ആണെങ്കിൽ, ഇനം 3–ൽ '100' എന്നും, ഇനം 5(i)ൽ '5' എന്നും, ഇനം 5(ii)ൽ '10' എന്നും രേഖപ്പെടുത്തണം.

11. പാർട്ട് ഡി–യിലെ ഇനം 2–ൽ നൽകിയിരിക്കുന്ന മൂല്യമുള്ള ഇടപാടിൽ ഉൾപ്പെട്ട പണത്തിന്റെ അളവ് പാർട്ട് ഡി–യിലെ ഇനം 3–ൽ പൂരിപ്പിക്കണം.

12. പാർട്ട് ഡി–യിലെ ഇനം 4–ലെ ഇടപാട് രീതി നിശ്ചിത കോഡുകൾ പ്രകാരം നൽകണം.

| ക്രമനമ്പർ | ഇടപാട് രീതി | കോഡ്. |
|---|---|---|
| 1 | ക്യാഷ് | **01** |
| 2 | ചെക്ക് | **02** |
| 3 | കാർഡ് | **03** |
| 4 | ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക് | **04** |
| 5 | ഓൺലൈൻ ട്രാൻസ്ഫറുകൾ | **05** |
| 6 | മിശ്രിതം (ക്യാഷും മറ്റ് രീതികളും) | **06** |
| 7 | യുപിഐ ഇടപാടുകൾ | **07** |
| 8 | മറ്റുള്ളവ | **08** |

13. തിരിച്ചറിയൽ രേഖ, വിലാസം, ജനന തീയതി എന്നിവയ്ക്കുള്ള തെളിവായി സമർപ്പിക്കാവുന്ന രേഖകൾ (പാൻ കാർഡിന് അപേക്ഷിക്കുകയും പാർട്ട് സി–യിലെ ഇനം 4 പൂരിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇത് ആവശ്യമില്ല):

| ക്രമനമ്പർ | രേഖയുടെ സ്വഭാവം | രേഖയുടെ കോഡ് | തിരിച്ചറിയൽ രേഖ | വിലാസം തെളിയിക്കുന്ന രേഖ | ജനന തീയതി/രജിസ്റ്റർ ചെയ്ത തീയതി* |
|---|---|---|---|---|---|
| **എ. വ്യക്തികൾക്കും എച്ച് യു എഫിനും:** | | | | | |
| 1. | ആധാർ കാർഡ് | **01** | അതെ | അതെ | അല്ല |

| | | | | | |
|---|---|---|---|---|---|
| 2. | വ്യക്തിയുടെ ഫോട്ടോ പതിച്ച ബാങ്ക്/പോസ്റ്റ് ഓഫീസ് പാസ്ബുക്ക് | 02 | അതെ | അതെ | അല്ല |
| 3. | വോട്ടർ തിരിച്ചറിയൽ കാർഡ് | 03 | അതെ | അതെ | അതെ |
| 4. | വ്യക്തിയുടെ ഫോട്ടോ പതിച്ച റേഷൻ/പൊതുവിതരണ സമ്പ്രദായ കാർഡ് | 04 | അതെ | അതെ | അല്ല |
| 5. | ഡ്രൈവിംഗ് ലൈസൻസ് | 05 | അതെ | അതെ | അതെ |
| 6. | പാസ്പോർട്ട് | 06 | അതെ | അതെ | അതെ |
| 7. | പെൻഷനർ ഫോട്ടോ കാർഡ് | 07 | അതെ | അതെ | അല്ല |
| 8. | തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ് | 08 | അതെ | അതെ | അല്ല |
| 9. | വ്യക്തിയുടെ ഫോട്ടോ പതിച്ച ജാതി സർട്ടിഫിക്കറ്റ് | 09 | അതെ | അതെ | അല്ല |
| 10. | ഫോം 093–ൽ നിർദ്ദേശിച്ചിട്ടുള്ള അനെക്സർ എ പ്രകാരം പാർലമെന്റ് അംഗമോ നിയമസഭാംഗമോ മുനിസിപ്പൽ കൗൺസിലറോ ഗസറ്റഡ് ഓഫീസറോ ഒപ്പിട്ട തിരിച്ചറിയൽ/വിലാസ സർട്ടിഫിക്കറ്റ് | 10 | അതെ | അതെ | അല്ല |
| 11. | തൊഴിലുടമയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് | 11 | അതെ | അതെ | അല്ല |
| 12. | ഫോട്ടോ പതിച്ച കിസാൻ പാസ്ബുക്ക് | 12 | അതെ | അല്ല | അല്ല |
| 13. | ആയുധ ലൈസൻസ് | 13 | അതെ | അല്ല | അല്ല |
| 14. | സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് സ്കീം / എക്സ്–സർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം കാർഡ് | 14 | അതെ | അല്ല | അതെ |
| 15. | ഗവൺമെന്റ്/പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് | 15 | അതെ | അല്ല | അതെ |
| 16. | വൈദ്യുതി ബില്ല് (3 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തത്) | 16 | അല്ല | അതെ | അല്ല |
| 17. | ലാൻഡ്ലൈൻ ടെലിഫോൺ ബില്ല് (3 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തത്) | 17 | അല്ല | അതെ | അല്ല |
| 18. | വാട്ടർ ബില്ല് (3 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തത്) | 18 | അല്ല | അതെ | അല്ല |
| 19. | ഉപഭോക്തൃ ഗ്യാസ് കാർഡ്/ബുക്ക് അല്ലെങ്കിൽ പൈപ്പ്ഡ് ഗ്യാസ് ബില്ല് (3 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തത്) | 19 | അല്ല | അതെ | അല്ല |
| 20. | ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് (3 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തത്) | 20 | അല്ല | അതെ | അല്ല |
| 21. | ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റ് (3 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തത്) | 21 | അല്ല | അതെ | അല്ല |
| 22. | ഡിപ്പോസിറ്ററി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് (3 മാസത്തിൽ കൂടുതൽ പഴക്കമില്ലാത്തത്) | 22 | അല്ല | അതെ | അല്ല |
| 23. | വസ്തു രജിസ്ട്രേഷൻ രേഖ | 23 | അല്ല | അതെ | അല്ല |
| 24. | ഗവൺമെന്റിൽ നിന്നുള്ള അക്കമൊഡേഷൻ അലോട്ട്മെന്റ് ലെറ്റർ | 24 | അല്ല | അതെ | അല്ല |
| 25. | വ്യക്തിയുടെ പേര് രേഖപ്പെടുത്തിയ പങ്കാളിയുടെ പാസ്പോർട്ട് | 25 | അല്ല | അതെ | അല്ല |
| 26. | വസ്തു നികുതി അടച്ച രസീത് (ഒരു വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്തത്) | 26 | അല്ല | അതെ | അല്ല |
| 27. | വ്യക്തിയുടെ ഫോട്ടോ പതിച്ച സ്ഥിരതാമസ സർട്ടിഫിക്കറ്റ്. | 27 | അതെ | അതെ | അതെ |
| 28. | മുനിസിപ്പൽ അതോറിറ്റിയോ, ജനന–മരണ രജിസ്ട്രാറോ അല്ലെങ്കിൽ ജനന–മരണ സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരപ്പെടുത്തിയ ഏതെങ്കിലും ഓഫീസോ, അല്ലെങ്കിൽ 1955–ലെ പൗരത്വ നിയമം (1955ലെ 57) സെക്ഷൻ 2, സബ്–സെക്ഷൻ (1), ക്ലോസ് (ഡി)ൽ നിർവചിച്ചിരിക്കുന്ന പ്രകാരം ഇന്ത്യൻ കോൺസുലേറ്റോ നൽകിയിട്ടുള്ള ജനന സർട്ടിഫിക്കറ്റ്. | 28 | അല്ല | അല്ല | അതെ |
| 29. | പെൻഷൻ പേയ്മെന്റ് ഓർഡർ | 29 | അല്ല | അല്ല | അതെ |
| 30. | മാരേജ് രജിസ്ട്രാർ നൽകിയ വിവാഹ സർട്ടിഫിക്കറ്റ് | 30 | അല്ല | അല്ല | അതെ |
| 31. | അംഗീകൃത ബോർഡിൽ നിന്നുള്ള മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മാർക്ക് ഷീറ്റ് | 31 | അല്ല | അല്ല | അതെ |
| **ബി. അസോസിയേഷൻ ഓഫ് പേഴ്സൺസ് (ട്രസ്റ്റ്) എന്നിവർക്ക് വേണ്ടി:** | | | | | |

| | | | | | |
|---|---|---|---|---|---|
| | ട്രസ്റ്റ് ഡീഡിന്റെ പകർപ്പ് അല്ലെങ്കിൽ ചാരിറ്റി കമ്മീഷണർ നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്. | **32** | അതെ | അതെ | അതെ |
| **സി.** | **അസോസിയേഷൻ ഓഫ് പേഴ്സൺസ് (ട്രസ്റ്റ് ഒഴികെയുള്ളവ), ബോഡി ഓഫ് ഇൻഡിവിജ്വൽസ്, ലോക്കൽ അതേ റിറ്റി അല്ലെങ്കിൽ ആർട്ടിഫിഷ്യൽ ജുറിഡിക്കൽ പേഴ്സൺ എന്നിവർക്ക് വേണ്ടി:** | | | | |
| | കരാറിന്റെ പകർപ്പ് അല്ലെങ്കിൽ ചാരിറ്റി കമ്മീഷണറോ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാറോ മറ്റ് ബന്ധപ്പെട്ട അധികാരികളോ നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ അത്തരം വ്യക്തിയുടെ ഐഡന്റിറ്റി, വിലാസം, രജിസ്റ്റർ ചെയ്ത തീയതി എന്നിവ വ്യക്തമാക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നുള്ള മറ്റേതെങ്കിലും രേഖ. | **33** | അതെ | അതെ | അതെ |
| **ഡി. വിദേശ കമ്പനികൾക്ക് വേണ്ടി:** | | | | | |
| 1. | അപേക്ഷകൻ സ്ഥിതി ചെയ്യുന്ന രാജ്യത്ത് നൽകിയിട്ടുള്ള രജിസ്ട്രേഷൻ അല്ലെങ്കിൽ ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് , ഐഎഫ്എസ്സി ബാങ്കിംഗ് യൂണിറ്റിലെ അംഗീകൃത ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയത്. | **34** | അതെ | അതെ | അതെ |
| 2. | അപേക്ഷകൻ സ്ഥിതി ചെയ്യുന്ന രാജ്യത്ത് നൽകിയിട്ടുള്ള ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പറിന്റെ പകർപ്പ്, ഐഎഫ്എസ്സി ബാങ്കിംഗ് യൂണിറ്റിലെ അംഗീകൃത ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയത്. | **35** | അതെ | അതെ (അതിൽ വിലാസം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ) | അതെ |

*പ്രഖ്യാപനം നടത്തുന്നയാളുടെ പേര്, ജനന/രജിസ്റ്റർ ചെയ്ത തീയതി, മാസം, വർഷം എന്നിവ രേഖപ്പെടുത്തിയിട്ടുള്ള രേഖകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

(i) പ്രായപൂർത്തിയാകാത്ത കുട്ടിയുടെ പേരിലുള്ള ഇടപാടാണെങ്കിൽ, മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ തിരിച്ചറിയൽ രേഖയും വിലാസം തെളിയിക്കുന്ന രേഖയും കുട്ടിയുടെ രേഖയായി പരിഗണിക്കും. പ്രഖ്യാപനത്തിൽ മാതാപിതാക്കളോ രക്ഷിതാവോ ആണ് ഒപ്പിടേണ്ടത്.

(ii) ഹിന്ദു അവിഭക്ത കുടുംബങ്ങൾക്ക്, എച്ച്‌യുഎഫിന്റെ കർത്തായുടെ പേരിലുള്ള ഏതെങ്കിലും രേഖ ആവശ്യമാണ്.

(iii) ഗവൺമെന്റിന്റെ കാര്യത്തിൽ, വകുപ്പ് മേധാവി/പേ ആൻഡ് അക്കൗണ്ട്സ് ഓഫീസർ/സോണൽ അക്കൗണ്ട്സ് ഓഫീസർ/ഡിസ്ട്രിക്റ്റ് ട്രഷറി ഓഫീസർ/ചെക്ക് ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ എന്നിവരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് മാത്രം മതിയാകും.